# നിങ്ങളുടെ

# ഹൃദയം



## നിലച്ചാൽ
## പിന്നെ എന്ത്?

മനുഷ്യ ഹൃദയം നമുക്ക് ആശ്രയിക്കാവുന്ന ഒരു ചെറുയന്ത്രം തന്നെ! ഓരോ ദിവസവും, ശനിയും, ഞായറും, അവധി ദിവസങ്ങളും ഉൾപ്പെടെ, ഈ ചെറു യന്ത്രം നിറുത്താതെ രക്തം പമ്പു ചെയ്യുകയാണ്. നാം ഉറങ്ങുമ്പോൾപോലും അതിന്റെ പ്രവർത്തനം തുടർന്നു കൊണ്ടേയിരിക്കും.

ഹൃദയം ഒരിക്കലും കാലാവസ്ഥയെക്കുറിച്ചു പരാതിപ്പെടുന്നില്ല. നന്നായി സംരക്ഷിച്ചാൽ അത് ഉത്തമമായി പ്രവർത്തിക്കും. പിരിമുറുക്കവും ബദ്ധപ്പാടുമുള്ള സാഹചര്യങ്ങളിലും അതു ജോലി തുടർന്നുകൊണ്ടു തന്നെയിരിക്കും.

ഹൃദയം കൂടാതെ നമുക്കു കഴിയാനാവുമോ? ഒരു കണ്ണിന്റെ കാഴ്ച പോയാൽ, മറ്റേതു പ്രവർത്തിക്കും. ഒരു ചെവിയുടെ കേൾവി നഷ്ടപ്പെട്ടാൽ, മറ്റേ ചെവിയിലൂടെ കേൾക്കാം. ഒരു കാലു നഷ്ടപ്പെട്ടാൽപോലും, ഒരു കവരവടിയും ഊന്നി നമുക്കു നടക്കാം. പക്ഷേ നമുക്ക് ഒരു ഒറ്റ ഹൃദയമേയുള്ളു.

## നാം ജീവിക്കുമ്പോൾ

നമ്മുടെ "പമ്പുചെയ്യുന്ന യന്ത്രത്തിന്" ഒരുവന്റെ മുഷ്ടിയുടെ വലിപ്പവും, 450 ഗ്രാമിൽ അല്പം കൂടുതൽ ഭാരവും കാണും. അത് മിനിറ്റിൽ 70 പ്രാവശ്യവും, മണിക്കൂറിൽ 4200 പ്രാവശ്യവും, ഒരു ദിവസത്തിൽ 1,00,800 പ്രാവശ്യവും, ഒരു വർഷം 36,792,000 പ്രാവശ്യവും സ്പന്ദിക്കുന്നു. 70 വയസ്സു പ്രായമുള്ള ഒരാളിന്റെ ഹൃദയം $2^{1}/_{2}$ ലക്ഷം കോടി തവണ സ്പന്ദിച്ചിരിക്കും.

ഒരു ഹൃദയം 50 വർഷങ്ങൾക്കുള്ളിൽ ഒരു യുദ്ധക്കപ്പൽ വെള്ളത്തിൽ നിന്നും പൊക്കിയെടുക്കുവാൻ വേണ്ടത്ര ഊർജ്ജം ഉല്പാദിപ്പിക്കുന്നു. ഒരാളിന്റെ ജീവിതകാലത്ത് ശരാശരി $3^{1}/_{3}$ വൻ എണ്ണക്കപ്പലുകളിൽ നിറയ്ക്കുന്നതിനു വേണ്ടത്ര രക്തം അത് പമ്പു ചെയ്തിരിക്കും.

ഒരു സർവ്വ വിജ്ഞാനകോശത്തിൽ എഴുതിയിരിക്കുന്നതനുസരിച്ച്, മനുഷ്യ ശരീരത്തിൽ ഏകദേശം 19,200 കിലോമീറ്റർ നീളമുള്ള രക്തക്കുഴലുകളിൽ കൂടിയാണ് ഹൃദയം രക്തം പമ്പു ചെയ്യുന്നത്. ഇവയെ കൂട്ടിച്ചേർത്തുവെച്ചാൽ, കൊച്ചിയിൽ നിന്നും അമേരിക്കയിലെ ന്യൂയോർക്കിൽ എത്തുവാനുള്ള ദൂരത്തിലും കൂടുതലാണ്, ചുരുക്കത്തിൽ ലോകം ചുറ്റി വരുന്നതിന്റെ പകുതിയിലധികം ദൂരം തന്നെ.

ഹൃദയം എന്ന ഈ ചെറുയന്ത്രം, രോഗം കൊണ്ടോ, ദുരുപയോഗത്താലോ ബലഹീനമാകുമെങ്കിലും, പൊതുവെ പറഞ്ഞാൽ നിറുത്തില്ലാതെ ദീർഘ വർഷങ്ങൾ സ്തുത്യർഹമായ സേവനം നൽകിയ ശേഷം ഒടുവിൽ നിശ്ചലമാകും. അത് സംഭവിക്കുമ്പോൾ ... നാം മരിക്കുന്നു.

## നാം മരിക്കുമ്പോൾ

ഈ വിഷയം നമ്മെ ഏറ്റവും വ്യക്തിപരവും സുപ്രധാനവുമായ ഒരു ചോദ്യത്തിനു മുന്നിലേക്കാണു നയിക്കുന്നത്: അടുത്ത അഞ്ചു നിമിഷങ്ങൾക്കുള്ളിൽ നിങ്ങളുടെ ഹൃദയം നിന്നുപോകുകയാണെങ്കിൽ, നിങ്ങൾ സ്വർഗ്ഗത്തിലോ, നരകത്തിലോ എവിടെയാണ് എത്തിച്ചേരുക?

താഴെപ്പറയുംപോലെ താങ്കൾക്ക് ഉറപ്പായി പറയുവാൻ കഴിയണമേ എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്: "അതേ ഞാൻ മരിച്ചാൽ സ്വർഗ്ഗത്തിൽ പോകും. എന്റെ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ച് ഞാൻ യേശു ക്രിസ്തുവിനെ എന്റെ സ്വന്തം രക്ഷകനായി സ്വീകരിച്ചിട്ടുണ്ട്. യേശു കാൽവറി ക്രൂശിൽ ചൊരിഞ്ഞ പരിശുദ്ധ രക്തം എന്റെ പാപങ്ങൾക്കു പ്രായശ്ചിത്തമായി തീർന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ നിത്യജീവൻ എന്ന ദൈവത്തിന്റെ ദാനം ഞാൻ സ്വീകരിച്ചിട്ടുണ്ട്. ഞാൻ മരിച്ചാൽ സ്വർഗ്ഗം എന്റെ വാസസ്ഥലമായി തീരുമെന്ന് എനിക്ക് ഉറപ്പുണ്ട്."

ഒരുപക്ഷേ നിങ്ങൾ ഇങ്ങനെയാവാം പറയുക: "ഇല്ല, എന്റെ ഹൃദയം നിലച്ചുപോയാൽ ഞാൻ എവിടേക്കു പോകുമെന്ന് എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും

ഈ കാര്യം ഉറപ്പാക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്.'' അങ്ങനെയെങ്കിൽ, തുടർന്നു വായിക്കുക.

''എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു'' (റോമർ 3:23) എന്നു ബൈബിളിൽ എഴുതിയിരിക്കുന്നു. ''എല്ലാവരും'' എന്ന വാക്കിൽ, നിങ്ങളും ഞാനും ഉൾപ്പെടും. വാസ്തവത്തിൽ സകലരും അതിൽ ഉൾപ്പെടും. എന്നാൽ ''ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു'' (1 കൊരിന്ത്യർ 5:3) എന്നും ബൈബിളിൽ പറഞ്ഞിരിക്കുന്നു.

# നാം ചെയ്യേണ്ടത്

ദൈവത്തിന്റെ സൗജന്യമായ രക്ഷാദാനം സ്വീകരിക്കുവാൻ നാം യേശുവിനെ സ്വന്തം രക്ഷകനായി സ്വീകരിക്കണമെന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നു. ''അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും അവൻ ദൈവമക്കളാകുവാൻ അധികാരം കൊടുത്തു'' (യോഹന്നാൻ 1:12).

യേശുവിനെ നിങ്ങളുടെ രക്ഷകനായി സ്വീകരിക്കുന്നത് ഇപ്രകാരമാണ്: അവിടുന്ന് നിങ്ങളുടെ ഹൃദയത്തിലേക്കു വരണമേ എന്നും, പാപങ്ങൾ ക്ഷമിക്കണമേ എന്നും, ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുവാൻ സഹായിക്കണമേ എന്നും ആവശ്യപ്പെടുക. ഇപ്പോൾതന്നെ അപ്രകാരം ചെയ്യുമെങ്കിൽ, അടുത്ത അഞ്ചു നിമിഷങ്ങൾക്കുള്ളിൽ നിങ്ങളുടെ ഹൃദയം നിലച്ചുപോയാലും, നിങ്ങളുടെ നിത്യമായ ജീവിതം — സ്വർഗ്ഗത്തിൽ തന്നെ!

*കൂടുതൽ വിവരങ്ങൾക്ക് എഴുതുക:*

**പ്രത്യാശാദീപം,** മേഴ്സി ഹോം

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല - 690 507